## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3200** — **19/06/2019-ൽ മറുപടിയ്ക്ക്**

### ഹോർട്ടികോർപ്പിന്റെ മാവേലിക്കര മണ്ഡലത്തിലെ തേൻ പാർക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാജേഷ് . | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) മാവേലിക്കര മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ള തേൻ പാർക്കിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) | ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ള തേനീച്ച പാർക്ക് മാവേലിക്കരയിലെ തഴക്കര പഞ്ചായത്തിൽ മൂന്ന് ഏക്കറിലായാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ പാർക്കിൽ തേനീച്ച വളർത്തലിന് ആവശ്യമായ തേനും പൂമ്പൊടിയും ലഭിക്കുന്ന വൃക്ഷങ്ങൾ, ചെടികൾ, കുറ്റിച്ചെടികൾ, പുൽവർഗ്ഗങ്ങൾ എന്നിവ നട്ടു വളർത്തി പരിചരിച്ചു വരുന്നു. പൊതു സമൂഹത്തിനും കർഷകർക്കും തേനീച്ച വളർത്തലിന്റെയും തേനിന്റെയും പ്രാധാന്യത്തെ കുറിച്ച് പഠിക്കുന്നതിനും നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും ഉതകുന്നതാണ് തേൻ പാർക്ക്. കൂടാതെ തേൻ സംസ്ക്കരണം, തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം സാധാരണ ജനത്തിന് നേരിട്ട് കണ്ട് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള സൗകര്യങ്ങൾ തേനീച്ച പാർക്കിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. തേൻ സംഭരിക്കുന്നതിനും തേൻ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തിനുമുള്ള അത്യാധുനിക തേൻ സംസ്കരണ യൂണിറ്റും വിജയകരമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷന്റെ ധന സഹായത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ എം.ഐ.ഡി.എച്ച് (Mission for Integrated Development Horticulture) പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തനങ്ങൾ ഹോർട്ടികോർപ്പ് മാവേലിക്കര തേൻ പാർക്കിൽ നടപ്പിലാക്കി വരുന്നു. |

1. തേനീച്ച വളർത്തലിനെ കുറിച്ചുള്ള ത്രിദിന സൗജന്യ കർഷക പരിശീലന പരിപാടികൾ.
2. തേനീച്ച കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദ്വിദിന സൗജന്യ തുടർ പരിശീലന പരിപാടികൾ.
3. തേനീച്ച കൃഷിയുടെയും തേനിന്റെയും പ്രചരണത്തിനായി ഏകദിന ബോധവൽക്കരണ പരിപാടികൾ.
4. തേനീച്ച വളർത്തൽ പരിശീലനം ലഭിച്ച കർഷകർക്ക് 40% സബ്സിഡി ഇനത്തിൽ തേനീച്ച കൂട്ടുകൾ. കോളനികൾ. അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണം.
5. തേനീച്ച കർഷകരിൽ നിന്നും പച്ച തേൻ സംഭരിച്ച് മാവേലിക്കര തേൻ പാർക്കിലുള്ള ആധുനിക തേൻ സംസ്കരണ യൂണിറ്റിൽ സംസ്കരിച്ച് വിപണനം നടത്തുന്നു.

**ബി)** പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനും പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ?

**ബി)** പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനും നവീകരണത്തിനുമായി സംസ്ഥാന സർക്കാരിന്റെ തേൻ ഉത്പാദനത്തിനൊരു സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി എ.എച്ച്.പി (Assistance to Honey Production) 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുകയും ഹോർട്ടികോർപ്പിന്റെ തനതു ഫണ്ടിൽ നിന്നും 40 ലക്ഷം രൂപയും കൂടി ചിലവിട്ടാണ് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. തേൻ പാർക്കിന്റെ വികസനത്തിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

1. സംസ്ഥാനത്തെ ആദ്യത്തെ തേൻ മ്യൂസിയം (തേനീച്ച വളർത്തലിന്റെ വിവിധ വശങ്ങൾ, തേനീച്ച വളർത്തലിന്റെ ചരിത്രം, തേനീച്ചയുടെ ജീവ ശാസ്ത്രം എന്നിവ പ്രതിപാദിക്കുന്ന മ്യൂസിയം.)
2. കേരളത്തിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, പൈനാപ്പിൾ. ഞാവൽ, നാട്ടുമാങ്ങ എന്നിവയുടെ സത്ത് രാസപദാർത്ഥങ്ങൾ പൂർണ്ണമായി ഒഴിവാക്കി തേനിൽ സംസ്ക്കരിച്ചെടുത്ത ചക്ക തേൻ പൈനാപ്പിൾ തേൻ . ഞാവൽ തേൻ തുടങ്ങിയവയുടെ നിർമ്മാണവും വിപണനവും കാര്യക്ഷമമാക്കുന്നതിന്

സ്പെഷ്യൽ ഹണി പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി നാഷണൽ ബീ കീപ്പിംഗ് & ഹണി മിഷന് (National Bee Keeping & Honey Mission) പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

3. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷനുമായി (NSDC) ബന്ധപ്പെട്ട തേനീച്ച വളർത്തലിനായി നൈപുണ്യ വികസന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.ഐ.ഡി.എച്ച്-ൽ ഉൾപ്പെടുത്തി വരും വർഷങ്ങളിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ